അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

അനൗദ്യോഗിക ബിൽ

2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. സത്യൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, 5 ബില്ലുകളുണ്ട്. എല്ലാവരും സമയക്ലിപ്തത പാലിക്കുകയാണെങ്കിൽ എല്ലാ ബില്ലുകളും ലേ ചെയ്യാനും പിന്നീട് ചർച്ച ചെയ്യാനും സാധിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: വളരെ കുറച്ച് സമയമെടുത്ത് ചർച്ച ചെയ്തുപോകാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, കേരളത്തിലെ സമ്പദ്ഘടനയുടെ അവിഭാജ്യഘടകമായ കൃഷിയും അനുബന്ധ മേഖലകളും സംസ്ഥാനത്തെ ജനസംഖ്യയുടെ 2/3 ഭാഗം ജനങ്ങളുടെ ഉപജീവനമാർഗ്ഗവുമാണ്. കേരളത്തിന്റെ ജനസാന്ദ്രത മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലായ സാഹചര്യത്തിൽ കൃഷിയിലൂടെയുള്ള ധനസമ്പാദന രീതി വിട്ട് കൃഷി ഭൂമികൾ കാർഷികേതര ധനാഗമന മാർഗ്ഗങ്ങൾക്ക് ഉപയോഗിക്കാൻ തുടങ്ങി. കാർഷികോൽപ്പന്നങ്ങളുടെ വിലയിലുള്ള അസ്ഥിരത പലപ്പോഴും ചെറുകിട നാമമാത്ര കർഷകരെ ദുരിതത്തിലാക്കുന്ന സ്ഥിതിവിശേഷം സംജാതമാക്കുന്നുണ്ട്. കൃഷിയിലേയ്ക്ക് ധാരാളംപേരെ, പ്രത്യേകിച്ച് യുവതലമുറയെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി കർഷക ക്ഷേമ ബോർഡ് രൂപീകരിക്കണമെന്ന് ദേശീയ കർഷക കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ അവസാന

മാസങ്ങളിൽ കർഷക ക്ഷേമ ബോർഡ് രൂപീകരിക്കാൻ തത്വത്തിൽ തീരുമാനമെടുത്തെങ്കിലും പ്രാവർത്തികമാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സർക്കാർ അധികാരമേറ്റയുടനെതന്നെ കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്ന തീരുമാനമെടുത്തിരുന്നു. ആയതിനുള്ള നിയമനിർമ്മാണം അന്തിമഘട്ടത്തിലാണ്. മാത്രമല്ല, ഈ സാമ്പത്തിക വർഷംതന്നെ കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുമെന്നുള്ള കാരണത്താൽ അത് മുന്നിൽ കണ്ടുകൊണ്ട് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇക്കാര്യത്തിലേയ്ക്കായി 25 ലക്ഷം രൂപ വകമാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത നിയമസഭാ സമ്മേളനത്തിൽ കർഷക ക്ഷേമ ബോർഡ് ബിൽ അവതരിപ്പിക്കുന്നതിനുള്ള തുടർനടപടികളുമായി സംസ്ഥാന ഗവൺമെന്റ് ദ്രുതഗതിയിൽ മുന്നോട്ടുപോകുകയാണ്. ആയതിനാൽ ഈ ഘട്ടത്തിൽ ഇതേ കാര്യത്തിന്മേൽ ഒരു സ്വകാര്യ ബിൽ കൊണ്ടുവരേണ്ട ആവശ്യമില്ലെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ഗവൺമെന്റ് ഇക്കാര്യത്തിൽ, ഡ്രാഫ്റ്റ് ബില്ലും കരട് ചട്ടങ്ങളുമെല്ലാം തയ്യാറാക്കിയിരിക്കുകയാണ്. കർഷക ക്ഷേമ ബോർഡുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെടുത്ത തീരുമാനം ഈ ഗവൺമെന്റ് തത്വത്തിൽ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ 25 ലക്ഷം രൂപ

മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുകഴിഞ്ഞു. ഈ സഭയിൽ അവതരിപ്പിക്കണമെന്ന് ആഗ്രഹിച്ചതാണ്. പക്ഷെ, അത് നടക്കാതെ പോയതുകൊണ്ട് അടുത്ത സഭയിൽ നിർബന്ധമായും ഈ ബിൽ വരാൻ പോകുകയാണ്. കൃഷിക്കാരുടെ പെൻഷൻ കൊടുക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് കർഷക ക്ഷേമ ബോർഡ് വരേണ്ടത് വളരെ അനിവാര്യമാണ്. കർഷകരുടെ പെൻഷൻ പലപ്പോഴും കൃത്യമായി കൊടുത്തുപോകാൻ കഴിയാതെ വരുന്നതിന്റെ ഒരു പ്രധാന കാരണങ്ങളിലൊന്ന് ഒരു ബോർഡ് നിലവിലില്ലായെന്നുള്ളതാണ്. ആ ബോർഡ് വരേണ്ടത് കൃഷി വകുപ്പിന്റെകൂടി ഒരാവശ്യമായതുകൊണ്ട് ഗവൺമെന്റ് അതിന്റെ എല്ലാ കാര്യങ്ങളും ചെയ്തുകഴിഞ്ഞിരിക്കുകയാണ്. ഈ ബിൽ അവതരിപ്പിക്കാനുള്ള നടപടിയിലേയ്ക്ക് പോകുകയാണ്. അതുകൊണ്ട് ഇത് അവതരിപ്പിക്കേണ്ട കാര്യംതന്നെയില്ലായെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറയുമ്പോൾ 25 ലക്ഷം രൂപ അനുവദിച്ചുവെന്ന് പറഞ്ഞു. ഇതിനുമുമ്പും രണ്ട് പ്രാവശ്യം ബഡ്ജറ്റിൽ 25 ലക്ഷം രൂപവീതം വച്ചിട്ടുണ്ടായിരുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> ഗവൺമെന്റെന്നേ ഞാൻ പറഞ്ഞുള്ളൂ. ഇത് ചെയ്തിട്ടില്ല. ഇത് നടപ്പിലാക്കുമെന്ന് പ്രകടനപത്രികയിലും നമ്മൾ പറഞ്ഞതാണ്. മറ്റുള്ളവർക്ക് സൗകര്യമൊരുക്കുന്നതിനായി ഞാൻ ഒരുപാട് ദീർഘിപ്പിക്കുന്നില്ല. ഞാൻ ഇത് കൊണ്ടുവരാനുണ്ടായ ഒരു കാരണം, കൃഷിക്കാരനെ ആരും ശ്രദ്ധിക്കുന്നില്ല. കൃഷിക്കാരനെന്ന് പറഞ്ഞാൽ ഒരു വിലയുമില്ലാത്ത ആളെന്നുള്ള ഒരു സ്ഥിതിയാണ്. ഒരു സ്ഥലത്തും, ഒരു ഓഫീസിൽ പോയാലും കൃഷിക്കാരനാണെന്ന് പറഞ്ഞാൽ ഇരിക്കാൻപോലുമുള്ള സാഹചര്യമില്ല. സമൂഹത്തിൽ മാന്യത കിട്ടുന്നേയില്ല. കൃഷിക്കാരനാണ് യഥാർത്ഥത്തിൽ ഈ സമൂഹത്തിനെ തീറ്റിപ്പോറ്റുന്നത്. 130 കോടി ജനത്തേയും തീറ്റിപ്പോറ്റുന്നത് ആരാണ്; 3 നേരം ഭക്ഷണം കൊടുക്കുന്നത് ഇവരാണല്ലോ; ഉണ്ണുമ്പോൾപോലും കൃഷിക്കാരനെ ഒരു സെക്കന്റുപോലും ആരും ഓർക്കാറില്ല. ഒരു ക്ഷീരകർഷകൻ രാവിലെ 4 മണിക്ക് എഴുന്നേൽക്കണം. ചാണകം വാരി പശുവിനെ കുളിപ്പിച്ച് പാലുകറന്ന് ആ പാലുകൊണ്ടുവന്ന് കഴിക്കുമ്പോൾ, പാലിന് 5 പൈസ വില കൂടിയാൽ എല്ലാവരും വലിയ ബഹളമുണ്ടാക്കും. ആ ചായ കുടിക്കുമ്പോൾ കൃഷിക്കാരനെ ഒരു സെക്കന്റുപോലും ഓർക്കാറില്ല. ഇന്നെന്താണ് കൃഷിക്കാരന്റെ സ്ഥിതി; ഞാൻ ഇന്നലെ ഇവിടെ നടന്ന ചർച്ചയിലും പറഞ്ഞു. 5 ഏക്കർ സ്ഥലത്ത് കൃഷി ചെയ്താൽ ഒരു മാസം കിട്ടുന്നത്

5,000/- രൂപയാണെന്നത് മന്ത്രിയുടെ മറുപടിയാണ്. 5,000/- രൂപപോലും കിട്ടില്ല. ക്യാഷ് ക്രോപ്പുള്ള കൃഷിയാണെങ്കിൽതന്നെ 10,000/- രൂപപോലും കിട്ടില്ല. എങ്ങനെയാണ് ഒരു കുടുംബം കഴിയുക; ഇതാണ് സ്ഥിതി. കേരളത്തിലെ കൃഷിക്കാരൻ എത്ര വിദേശ നാണ്യമാണ് നേടിത്തരുന്നത്; സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ കിട്ടുന്ന സംഖ്യ എത്രയാണെന്ന് അറിയാമോ; അതൊക്കെ കേരളത്തിന്റെ സമ്പദ്ഘടനയെയും ഗവൺമെന്റിനെത്തന്നെയും നിലനിർത്തുന്നതിൽ ഒരു വലിയ പങ്ക് വഹിക്കുന്നില്ലേ; 16238 കോടി രൂപയാണ് സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ കേരളത്തിന് കൃഷിക്കാരനെക്കൊണ്ട് കിട്ടുന്നത്. കശുവണ്ടിയിൽ നിന്ന് 5432 കോടി രൂപയും തേയിലയിൽ നിന്ന് 4509 കോടി രൂപയുടെയും വിദേശനാണ്യം കിട്ടുന്നുണ്ട്. നാളികേര ഉൽപ്പന്നങ്ങളിൽനിന്ന് 1450 കോടി രൂപയും കയർ ഉൽപ്പന്നങ്ങളിൽ നിന്ന് 2000 കോടി രൂപയും കാപ്പിയിൽ നിന്ന് 5175 കോടി രൂപയും കിട്ടുന്നുണ്ട്. ഇതൊക്കെ കയറ്റി അയയ്ക്കുന്നതിലൂടെ വിദേശനാണ്യം കിട്ടുകയാണ്. ആസാമിൽ പെട്രോളിയം ഉൽപ്പന്നങ്ങളിലൂടെ വിദേശനാണ്യം കിട്ടി ഗവൺമെന്റിന് ലാഭമുണ്ടാകുന്നുവെന്ന് പറഞ്ഞ് അവിടെ അവർക്ക് പ്രത്യേകം റോയൽറ്റി കൊടുക്കുന്നുണ്ട്. ഛത്തീസ്ഗഡിൽ കൽക്കരി കുഴിച്ചെടുക്കുന്നുവെന്നും അതിന് വിദേശനാണ്യം കിട്ടുന്നുവെന്നും പറഞ്ഞ്

അതിന് റോയൽറ്റി കൊടുക്കുന്നുണ്ട്. കേരളത്തിന് ഇത്രയധികം വിദേശനാണ്യം നേടിത്തരുന്നതിന് എന്തുകൊണ്ടാണ് പ്രത്യേകം റോയൽറ്റി വേണമെന്ന് നമുക്ക് അഭ്യർത്ഥിച്ചുകൂടാത്തത്; അത് വളരെ ഗൗരവമായി അന്വേഷിക്കണം. വിദേശത്തുള്ള പ്രോസസിംഗ് കമ്പനികളുടെ കണക്കുണ്ട്. എത്രയാണ് അവർക്ക് കിട്ടുന്നത്; 12 ലക്ഷം കോടി രൂപയാണ് വിദേശ പ്രോസസിംഗ് കമ്പനികൾ ഒരു കൊല്ലം ഇവിടെ നിന്നുണ്ടാക്കുന്നത്.

ഞാൻ സംസാരിച്ചാൽ അടുത്ത ബിൽ അവതരിപ്പിക്കാൻ സാധിക്കാത്തതിനാൽ എനിക്ക് അടുത്ത സമ്മേളനത്തിലേയ്ക്ക് നീട്ടിവയ്ക്കാൻ അനുമതി നൽകിയാൽ മതിയാകും.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർ ചർച്ചയ്ക്ക് വയ്ക്കാം.

(ചർച്ച തുടരും)

(ii) 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: സർ, 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത് :സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും നിർമ്മിച്ചിരിക്കുന്നത് വാഹനങ്ങളുടെയും വാഹനത്തിൽ യാത്ര ചെയ്യുന്നവരുടെയും ആവശ്യങ്ങൾക്കും സുരക്ഷയ്ക്കും വേണ്ടി മാത്രമല്ല; മറിച്ച് ഒരു പൊതുസ്ഥലമായ റോഡ് ഉപയോഗിക്കുന്ന എല്ലാപേർക്കും വേണ്ടിയാണ്. ഇതിൽ സൈക്കിൾ യാത്രക്കാർ, യാത്രക്കാർ, റിക്ഷകൾ, കാൽനടയാത്രക്കാർ എന്നിവരെല്ലാം ഉൾപ്പെടുന്നു. കാൽനടയാത്രക്കാർ വാഹനാപകടങ്ങളിൽപ്പെട്ട് ഗുരുതരമായ പരിക്കോ മരണമോ സംഭവിക്കാറുണ്ട്. വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങളെന്ന സാമൂഹ്യ വിപത്തിനെ നേരിടാനായി സർക്കാർ 2007-ൽ സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് റോഡ് സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുക എന്നതാണ് പ്രസ്തുത അതോറിറ്റിയുടെ ദൗത്യം. ഒരു വാഹനം പൊതുസ്ഥലത്ത് ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങളും മരണവും നാശനഷ്ടങ്ങളും ഈ അതോറിറ്റിയുടെ പരിഗണനാ വിഷയങ്ങളാണ്. സംസ്ഥാനതലത്തിൽ സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റിയും

ജില്ലാതലത്തിൽ ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുകളും പ്രവർത്തിക്കുന്നുണ്ട്. ഈ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി എല്ലാ വാഹനങ്ങളിൽനിന്നും ഒറ്റത്തവണയായി വാഹന സെസ്സ് പിരിച്ചെടുക്കുന്നുണ്ട്. അതോറിറ്റിക്ക് ജീവനക്കാരെയും സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിന് അഞ്ച് സാങ്കേതിക വിദഗ്ദ്ധരുടെ തസ്തികകൾ കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു. നിയമന പ്രക്രിയകൾ പുരോഗമിക്കുന്നു. റോഡ് സുരക്ഷ സംബന്ധിച്ച് സർക്കാരിനെ ഉപദേശിക്കുക, റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ നിശ്ചയിക്കുക, സുരക്ഷാ പദ്ധതികൾ നടപ്പാക്കുക, അതോറിറ്റിയുടെ ഫണ്ടിന്റെ ഭരണപരമായ നടപടികൾ, റോഡ് സുരക്ഷയ്ക്കായി ഫണ്ട് അനുവദിക്കൽ, റോഡ് സുരക്ഷാ ഉപകരണങ്ങളുടെ വാങ്ങൽ, ഈ മേഖലയിലെ പഠനങ്ങൾ-ബോധവൽക്കരണങ്ങൾ, അപകടത്തിൽപ്പെട്ടവരെ സഹായിക്കൽ എന്നിവയൊക്കെ അതോറിറ്റിയുടെ ചുമതലകളിൽപ്പെടുന്നു. കൂടാതെ അപകട മുന്നറിയിപ്പുകൾ നൽകുന്ന ബോർഡുകൾ സ്ഥാപിക്കൽ, പൊതുമരാമത്തുവപ്പുമായി കൂടിയാലോചിച്ച് സ്ഥിരമായി അപകടങ്ങളുണ്ടാകുന്ന റോഡുകളുടെ സാങ്കേതിക തകരാറുകൾ പരിഹരിക്കൽ മുതലായവയും അതോറിറ്റി ചെയ്തുവരുന്നു. കാൽനടയാത്രക്കാരുടെ

സംരക്ഷണം ഉറപ്പാക്കുന്നതിന് അതോറിറ്റിയുമായി ബന്ധപ്പെട്ട് ബില്ലിൽ പരാമർശിക്കുന്ന മിക്കവാറും എല്ലാ വിഷയങ്ങളും നിലവിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന റോഡ് സുരക്ഷാ അതോറിറ്റി ചെയ്തുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരമൊരു പുതിയ സംവിധാനത്തിന്റെ ആവശ്യമില്ലാത്തതാണ്.

ശ്രീ. പി. ടി. തോമസ് : സർ, കാൽനടയാത്രക്കാർക്കുവേണ്ടി മാത്രമായി ഒരു അതോറിറ്റി രൂപീകരിക്കണം, അപകടങ്ങൾ ഒഴിവാക്കുന്നതിനായി കാൽനടയാത്രക്കാർക്കും വാഹനമോടിക്കുന്നവർക്കും ബോധവൽക്കരണം നടത്തണം, കാൽനടയാത്രക്കാർക്കുണ്ടാകുന്ന റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയും ആവശ്യമുള്ള ഘട്ടങ്ങളിൽ സർക്കാർ ശിപാർശകൾ നടപ്പാക്കുകയും ചെയ്യണം. അതോറിറ്റിയുടെ രൂപീകരണത്തെപ്പറ്റി അങ്ങ് പറഞ്ഞു. അങ്ങ് വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ മന്ത്രിസ്ഥാനം ഏറ്റെടുത്തിരിക്കുന്നതെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അങ്ങ് വിദേശരാജ്യങ്ങളിൽ വർഷങ്ങളോളം ചെലവഴിച്ചിട്ടുള്ളതുകൊണ്ട് അവിടെ നടപ്പിലാക്കിയിട്ടുള്ള റോഡിന്റെ പുരോഗതിയും സുരക്ഷിതത്വവുമൊക്കെ നല്ലതുപോലെ അറിയാം. അത് ഭാഗികമായിട്ടെങ്കിലും ഇവിടെ നടപ്പാക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കണം. അങ്ങനെ നടപ്പാക്കണമെങ്കിൽ കേരളത്തിലെ

റോഡ് സുരക്ഷാ ഫണ്ടും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും അടിയന്തരമായി ഒരു പരിശോധനയ്ക്ക് വിധേയമാക്കുകയും കൃത്യമായി പണം ചെലവഴിക്കുകയും കെട്ടിക്കിടക്കുന്ന പണം ഉപയോഗപ്പെടുത്തുകയും ചെയ്യണമെന്ന് ഞാൻ സന്ദർഭവശാൽ പറയുകയാണ്. കേരളത്തിൽ റോഡപകടങ്ങളിൽപ്പെട്ട് പരിക്ക് പറ്റുകയും മരണമടയുകയും ചെയ്യുന്നവരിൽ വലിയൊരു ശതമാനവും കാൽനടയാത്രക്കാരാണ്. ഓരോ വർഷവും നാലായിരത്തോളം റോഡപകടങ്ങൾ നടക്കുന്നതിൽ ഏകദേശം ആയിരത്തി നാനൂറോളം കാൽനടയാത്രക്കാരാണ് കൊല്ലപ്പെടുന്നത്. ഇതിന് പ്രധാന കാരണം ഫുട്പാത്തുകൾ ഇല്ലാത്തതും ട്രാഫിക് നിയമങ്ങളെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ധാരണയില്ലായ്മയുമാണ്. നഗരങ്ങളിൽ ഫുട്പാത്തുള്ള റോഡുകളുടെ എണ്ണം വളരെ കുറവാണ്. നാഷണൽ ഹൈവേയിൽ ലെവൽഡ് walk way- യാണുള്ളത്. റോഡും walk way-യും വേർതിരിക്കാൻ വെളുത്ത ബോർഡർ ലൈനുണ്ട്. സാധാരണയായി തെർമ്മോ പ്ലാസ്റ്റിക് പെയിന്റ് ഉപയോഗിച്ചാണ് ഈ വെള്ളവര ഉണ്ടാക്കുന്നത്. വഴിയോര കച്ചവടക്കാരെ പുനരധിവസിപ്പിച്ചുകൊണ്ട് മാത്രമേ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയൂ. അതുപോലെ ബോർഡുകൾ സ്ഥാപിക്കുന്നതിനും യാതൊരു നിയന്ത്രണവുമില്ല. അതിന് ലൈസൻസ് ഏർപ്പെടുത്തുകയും ബോർഡ്

സ്ഥാപിക്കുന്നതിന് പ്രത്യേകമായ ഒരു പോസ്റ്റ് സ്ഥാപിച്ചുകൊണ്ട് അത് കൃത്യമായ നിബന്ധനകൾക്ക് വിധേയമാക്കുകയും വേണം. അതുപോലെതന്നെ സീബ്രാക്രോസിംഗിന് ഉപയോഗിക്കുന്ന പെയിന്റ് രണ്ടുമൂന്ന് മാസങ്ങൾ കഴിയുമ്പോൾ മാഞ്ഞുപോകുന്നു. സീബ്രാലൈനാണെന്ന് അറിയാത്തതുകാരണം കുറെ പാവങ്ങൾ മരിക്കാനിടയാകുന്നു. ഉത്തരേന്ത്യയിൽ ഒരു പ്രമുഖ സിനിമാനടൻ അലക്ഷ്യമായി വണ്ടിയോടിച്ചുപോയപ്പോൾ എത്ര ആളുകളാണ് പിടഞ്ഞുമരിച്ചത്. രാവിലെ വീട്ടിൽനിന്നും ഇറങ്ങുന്ന ആൾ വൈകിട്ട് തിരിച്ച് വരുമെന്ന് പ്രതീക്ഷിക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിലാണ് കേരളം നിൽക്കുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കണം. റോഡ് സേഫ്റ്റിയെപ്പറ്റിയുള്ള ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ നിബന്ധനകൾ നടപ്പാക്കാൻ ശ്രമിക്കണം. ഞാൻ സംസാരിക്കാൻ രണ്ടര മിനിട്ട് മാത്രമെ എടുത്തിട്ടുള്ളൂ. ലോകത്ത് ഏറ്റവും പുരോഗമനപരമായി നടപ്പാക്കപ്പെട്ടിട്ടുള്ള സിഗ്നൽസിസ്റ്റം സംബന്ധിച്ചും റോഡുകളുടെ ലൈനുകളെ സംബന്ധിച്ചാണെങ്കിലും ബോധവൽക്കരണം വേണം. അതുപോലെ നിർമ്മാണ സാമഗ്രികളും കെട്ടിട സാമഗ്രികളും മുഴുവൻ റോഡിൽ കൂട്ടിയിടുന്നതുമൂലമുള്ള അപകടങ്ങളുണ്ട്. ആനകൾ തടി വലിക്കുന്നതുപോലും റോഡിലൂടെയാണ്. തെരുവ് സംസ്കാരം മോശപ്പെട്ട

ഭാഷയാണെങ്കിലും യഥാർത്ഥത്തിൽ നമുക്കൊരു തെരുവ് സംസ്കാരവും റോഡ് കൾച്ചറും ആവശ്യമാണ്. അതില്ലാത്തതുമൂലമുള്ള അപകടം ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഗൗരവതരമായി ഈ പ്രശ്നം പരിഹരിക്കണം. മറ്റുള്ള എന്റെ സ്നേഹിതന്മാർ വളരെ ആകാംക്ഷയോടെ കാത്തിരിക്കുന്ന പശ്ചാത്തലത്തിൽ ഈ ബില്ലിന്റെ തുടർ ചർച്ച അടുത്ത ആഴ്ചയിലേയ്ക്ക് മാറ്റുകയാണ്. ഈ ബിൽ തീർച്ചയായും ഗവൺമെന്റിന് അംഗീകരിക്കാതിരിക്കാൻ നിവൃത്തിയില്ല. ലക്ഷക്കണക്കിന് കാൽനടയാത്രക്കാരുടെ ജീവൻ പണയം വച്ചുകൊണ്ട് ഒരു ഗവൺമെന്റിന് ഈ ബിൽ തള്ളിക്കളയാൻ കഴിയില്ല. അതുകൊണ്ട് സർക്കാർ ഈ ബില്ലിന് അംഗീകാരം നൽകണം. അടുത്ത ആഴ്ചയിൽ ബാക്കി കാര്യങ്ങൾ പറയാം എന്നുപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ :</u> ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച തുടരും)

(iii) <u>2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. നോട്ടീസ് നൽകിയിരിക്കുന്ന 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലും ക്രിമിനൽ നടപടി നിയമത്തിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. പല കുറ്റകൃത്യങ്ങൾക്കും നിയമം അനുശാസിക്കുന്ന ശിക്ഷ വർദ്ധിപ്പിക്കുന്ന വ്യവസ്ഥകളാണ് ഈ ബില്ലിലുള്ളത്. നടപടിക്രമങ്ങളെ സംബന്ധിച്ച് സുപ്രധാനമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നു. ഇന്ത്യൻ ശിക്ഷാനിയമവും ക്രിമിനൽ നടപടി നിയമവും കേന്ദ്ര നിയമങ്ങളാണെങ്കിലും കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയങ്ങളായതിനാൽ സംസ്ഥാന നിയമസഭയ്ക്ക് ഭേദഗതി വരുത്തുവാനുള്ള അവകാശമുണ്ട്. എന്നാൽ ഇതര സംസ്ഥാനങ്ങളിൽ നിലവിലുള്ള ശിക്ഷയും നടപടിക്രമവും കേരളത്തിൽ മാത്രമായി മാറ്റുന്നത് വിവിധ തലങ്ങളിൽ ഗൗരവമായ ആലോചനകൾക്കും ചർച്ചകൾക്കും ശേഷം മാത്രമെ തീരുമാനിക്കാനാവൂ. സംസ്ഥാനത്ത് ഇതിനകംതന്നെ നിയമ പരിഷ്കരണ കമ്മീഷനെ നിയോഗിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അത്തരമൊരു പശ്ചാത്തലത്തിൽ

ഇങ്ങനെയൊരു ബില്ലിന് അനുമതി നൽകേണ്ടതില്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നമ്മുടെ നാട്ടിലെ കുറ്റകൃത്യങ്ങളും അവയുടെ ശിക്ഷയും സംബന്ധിച്ച് കൈകാര്യം ചെയ്യുന്ന നിയമവ്യവസ്ഥ എന്നത് ഇൻഡ്യൻ പീനൽ കോഡും അതിന്റെ നടപടിക്രമങ്ങളെ വിശദീകരിക്കുന്ന ക്രിമിനൽ പ്രൊസീജിയർ കോഡുമാണ്. ഈ രണ്ട് ആക്ടുകൾ ചേർന്നാണ് പ്രധാനമായി കുറ്റകൃത്യങ്ങൾ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. അതിനുപുറമെ Atrocities of SC/ST, അബ്കാരി എന്നിങ്ങനെ ചില പ്രത്യേക മേഖലകൾക്ക് പ്രത്യേകമായ ക്രിമിനൽ നിയമങ്ങളുണ്ട്. ഐ. പി. സി. യും സി. ആർ. പി. സി. യുമൊക്കെ ബ്രിട്ടീഷ് കാലഘട്ടത്തിൽ ഉണ്ടാക്കിയതാണ്. ഇത് കേന്ദ്ര നിയമങ്ങളുമാണ്. ഈ കേന്ദ്ര നിയമങ്ങൾ പാർലമെന്റ് പലതവണ ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിന്റെ ദൂരവ്യാപകമായ വശങ്ങൾ പരിശോധിക്കേണ്ടതുകൊണ്ട് ഇതിന് മുതിരുന്നില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. അതിന്റെ ആവശ്യമില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരു നിയമനിർമ്മാണ സഭ എന്ന നിലയ്ക്ക് ഐ.പി.സി.യും സി.ആർ.പി.സി.യും കേരളീയ സാഹചര്യങ്ങൾക്കനുസരിച്ച് ഒഴിവാക്കാനോ ഇല്ലാതാക്കാനോ കഴിയില്ല. പക്ഷേ

കേരളത്തിലെ സാമൂഹ്യ അവസ്ഥയ്ക്കനുസരിച്ച് ആവശ്യമായ ഭേദഗതികൾ വരുത്താൻ ഈ നിയമനിർമ്മാണ സഭയ്ക്ക് അധികാരമുണ്ട്. ആ അധികാരം വിനിയോഗിക്കണമെന്നാണ് എനിക്ക് ആദ്യമായി സൂചിപ്പിക്കാനുള്ളത്. അത് വിനിയോഗിക്കപ്പെടാതെ പോകുന്നതു കാരണം പല കാര്യങ്ങളിലും പ്രയാസങ്ങളുണ്ട്. അത് വിനിയോഗിക്കപ്പെടാതെ പോകുന്നത് നിയമനിർമ്മാണ വിഷയത്തിൽ നമ്മൾ കാണിക്കുന്ന ഒരു അലംഭാവമായി നാളെ ചരിത്രം വിലയിരുത്തുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. പല വിഷയങ്ങളുമുണ്ട്. ഇന്നിപ്പോൾ എല്ലാം വിശദീകരിച്ച് പറയാൻ സമയമുണ്ടാകില്ല. ഈ ബില്ലിന്റെ അവതരണം തുടങ്ങി വയ്ക്കുക മാത്രമാണ് ഇന്ന് ചെയ്യുന്നത്. എന്നെപ്പോലെ ഇനിയും ചില അംഗങ്ങളുടെ ബില്ലുകളുണ്ട്. ആ ബില്ലുകളും സഭയിൽ വരണമെന്നുള്ള താൽപര്യം എനിക്കുണ്ട്. ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ചില കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ വർദ്ധിപ്പിക്കണം. അളവു തൂക്കങ്ങൾ സംബന്ധിച്ച കാര്യങ്ങൾ, മായം ചേർക്കുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ തുടങ്ങിയവയാണ് അതിൽ പ്രധാനമായത്. മരുന്നിൽ മായം ചേർത്താലോ റോഡിൽ അടിപിടി കൂടിയാലോ അമിത വേഗതയിലും അശ്രദ്ധയിലും വാഹനമോടിച്ച് അപകടമുണ്ടാക്കിയോലോ വളരെ ലളിതമായ ശിക്ഷാ നടപടിക്രമങ്ങളാണ്

നിലവിലുള്ളത്. ഇത്തരം പ്രവൃത്തികൾ ആവർത്തിക്കപ്പെടാതിരിക്കേണ്ടതുണ്ട്. രാജ്യത്ത് എത്ര അപകട മരണങ്ങളാണ് നടക്കുന്നത്. കേരളത്തിൽ ഓരോ മണിക്കൂറിലും എത്രയോ പേർക്ക് അപകടം സംഭവിക്കുന്നു, ആളുകൾ മരിക്കുന്നു. ഇതൊക്കെയാണ് അവസ്ഥ. അതിനൊക്കെ ഒരു കണിശത കൊണ്ടുവരാൻ അമിതവേഗതയിലും അശ്രദ്ധയിലും മദ്യപിച്ചുമൊക്കെ വാഹനമോടിക്കുന്നതിനെ നിയന്ത്രിക്കണം. ഡ്രഗ്സിന്റെ കാര്യവും അങ്ങനെ തന്നെയാണ്. ഇന്ന് എല്ലാം മായമാണ്. ആ മായം കഴിച്ച് വല്ല അസുഖവും വന്നാൽ അതിന് ഉപയോഗിക്കുന്ന മരുന്നിലും മായമാണ്. അതൊക്കെ നിയന്ത്രിക്കുന്നതിനുള്ള ചില നടപടിക്രമങ്ങളാണ് വേണ്ടത്. നമ്മുടെ ചില കുറ്റകൃത്യങ്ങൾക്കുള്ള വകുപ്പുകൾക്ക് ശിക്ഷ വർദ്ധിപ്പിച്ചുകൊണ്ട്... വിശദീകരിക്കാൻ ഇപ്പോൾ സമയമില്ലാത്തുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതുപോലെതന്നെ കുറേ നടപടിക്രമങ്ങളിലും മാറ്റം വരുത്തേണ്ടതുണ്ട്. സി.ആർ.പി.സി.യിൽ പോലീസ് ഓഫീസർക്കെതിരെ സെർച്ച് വാറണ്ട് പുറപ്പെടുവിക്കുമ്പോൾ പോലീസ് മുഖാന്തിരമാണ് നിലവിലുള്ള വ്യവസ്ഥയിൽ അത് നടപ്പാക്കേണ്ടത്. അത് മാറണം. കാരണം പോലീനെതിരെ സെർച്ച് വാറണ്ട് പുറപ്പെടുവിക്കുമ്പോൾ ഒരു അഡ്വക്കേറ്റ് കമ്മീഷണറോ ഒരു ഗസറ്റഡ് ഓഫീസറോ മുഖാന്തിരം അത് നടപ്പാക്കുക തുടങ്ങി വളരെ നന്മ

ഉദ്ദേശിച്ചുകൊണ്ടുള്ള കുറച്ച് ഭേദഗതികളാണ് കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് വേറെ പ്രത്യാഘാതങ്ങളൊന്നും ഉണ്ടാകില്ല.

ചില ആളുകൾ കേസിൽ പ്രതിയായി ചേർക്കപ്പെട്ടിട്ടുണ്ടാകും. അവർക്ക് വിദേശത്ത് ജോലിയുണ്ടാകും. അങ്ങനെ വിദേശത്ത് ജോലിയുള്ള ആൾ ഇവിടെ എല്ലാ കേസിനും ഹാജരാകണമെന്ന് പറയുമ്പോൾ അയാൾ ആ ജോലിയും സംവിധാനവുമൊക്കെ ഉപേക്ഷിക്കേണ്ട സ്ഥിതിയാണ്. ഇന്ന് മജിസ്ട്രേറ്റ് കോടതികളിൽ അതിന് അനുമതി കൊടുക്കുന്നുണ്ട്. പക്ഷേ സെഷൻസ് കോടതികളിൽ നിലവിലുള്ള നിയമം ഭേദഗതി വരുത്തിയാൽ ഇവർക്ക് personal attendance-ന് ഇളവ് കൊടുത്തുകൊണ്ട് കോടതികൾക്ക് ഉത്തരവിടാൻ കഴിയും. അപ്പോൾ കേസുണ്ടെങ്കിലും അയാൾക്ക് വിദേശത്ത് ജോലി തുടരാം. കേസ് എന്നുപറയുന്നത് കേവലം കുറ്റാരോപണം മാത്രമാണ്. അയാൾ കുറ്റകൃത്യം ചെയ്തുവെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. ആവശ്യപ്പെടുന്ന സമയത്ത് നമുക്കദ്ദേഹത്തെ തിരിച്ചു വിളിക്കാം. ചിലപ്പോൾ ഒരു കേസിന്റെ വിചാരണ പൂർത്തിയാകണമെങ്കിൽ നാലും അഞ്ചും വർഷമെടുക്കും. വിദേശത്തെ ജോലിയും കളഞ്ഞ്, അദ്ദേഹത്തിന്റെ കുടുംബത്തെ പട്ടിണിയിലാക്കി കേസ് വെറുതെ വിട്ടിട്ട് വല്ല കാര്യവുമുണ്ടോ; അതുകൊണ്ട് ഇങ്ങനെയുള്ള പല വിഷയങ്ങളുണ്ട്. നമ്മൾ ഇതിനെയൊന്നും

നിസ്സാരമായി കാണരുത്. ഇക്കാര്യങ്ങൾ ഓരോരുത്തരുടേയും ജീവിതത്തിൽ വരുമ്പോഴാണ് അതിന്റെ പ്രാധാന്യം മനസ്സിലാക്കുക. അത് മനസ്സിലാക്കി അതിന് വേണ്ട കാര്യങ്ങൾ ചെയ്യാൻ നിയുക്തരായവരാണ് നമ്മൾ. അതുകൊണ്ടുതന്നെ ഈ കാര്യങ്ങൾ, ഇങ്ങനെയുള്ള നടപടിക്രമങ്ങളിൽ വരുത്തേണ്ട കുറേ മാറ്റങ്ങളുണ്ട്. സമയപരിമിതിമൂലം ഞാൻ അതിലേയ്ക്കൊന്നും വിശദമായി ഇപ്പോൾ കടക്കുന്നില്ല. പിന്നീട് ഒരവസരത്തിൽ വിശദീകരിച്ച് സംസാരിക്കുന്നതാണ്.

ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായല്ലാതെ ഒരു ഉദ്യോഗസ്ഥൻ കുറ്റകൃത്യം ചെയ്താൽ അതിനെതിരെ സ്വകാര്യ അന്യായം കൊടുക്കണമെങ്കിൽ സർക്കാരിന്റെ സാങ്ഷൻ വേണം. കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി വരുന്ന കുറ്റകൃത്യങ്ങൾക്കെതിരെ അന്യായം കൊടുക്കുന്നതിന് ഒരു പോലീസ് ഓഫീസർ അല്ലെങ്കിൽ ഒരു ഗസറ്റഡ് ഓഫീസർ സാങ്ഷൻ നൽകിയാൽ മതിയാകും. അയാൾ വ്യക്തിപരമായി രാവിലെ നടക്കാൻ പോകുമ്പോഴുണ്ടാക്കിയ അടിക്കോ അല്ലെങ്കിൽ ആരോടെങ്കിലും എന്തെങ്കിലും അന്യായം കാണിച്ചതിനോ കേസ് കൊടുക്കുന്നതിന് ഇപ്പോൾ സർക്കാരിന്റെ സാങ്ഷൻ വാങ്ങണം. കേസ് കൊടുക്കുന്നതിന് മുൻപ് അനുമതി വാങ്ങുക എന്നു പറയും. അതിലൊക്കെ ഒരിളവ് വേണം. എല്ലാം ജനറലൈസ് ചെയ്തുപോകേണ്ട കാര്യമില്ല. സായിപ്പിന്റെ കാലത്തുണ്ടാക്കിയ

നിയമമാണ്. കാലോചിതമായി മാറ്റം വരുത്താനുള്ള അധികാരം നമുക്കുണ്ട്. അത് പ്രയോഗിക്കുന്നതിൽ അറച്ചു നിൽക്കുന്നതിൽ അർത്ഥമില്ല. ഇതൊരു സ്വകാര്യ ബില്ലായിട്ടാണ് വരുന്നതെങ്കിലും ഇതിന്റെ താൽപ്പര്യം ഉൾക്കൊണ്ടുകൊണ്ട് ക്രിമിനൽ നിയമങ്ങളിൽ സർക്കാരിൽനിന്നുതന്നെ ഇടപെടലുകൾ ഉണ്ടാകണം എന്നാണ് എനിക്ക് ഇപ്പോൾ പറയുവാനുള്ളത്. ഇതുസംബന്ധിച്ച് ഒരു ദീർഘമായ ചർച്ച വേണം. ഇവിടെയുള്ള എല്ലാവരുടേയും അഭിപ്രായം അറിയണം. ഇപ്പോൾ ഇത്രയും പറഞ്ഞുകൊണ്ട് ഈ ബിൽ തുടർ ചർച്ചയ്ക്ക് മാറ്റി വയ്ക്കണമെന്ന അപേക്ഷയോടുകൂടി ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച തുടരും)

2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ

ശ്രീ. ബി. സത്യൻ: സർ, 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 1988-ൽ ഇടതുപക്ഷ സർക്കാരാണ് ടൂറിസം തദ്ദേശീയമായി വികസിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ഡി.റ്റി.പി.സി.കൾക്ക് രൂപം കൊടുത്തത്. അത് രൂപീകരിച്ചിട്ട് ഇപ്പോൾ 29 വർഷമാകുന്നു. 29 വർഷംകൊണ്ട് ഡി.റ്റി.പി.സി. കുറേയേറെ മുന്നോട്ട് പോയിട്ടുണ്ട്. ഡി.റ്റി.പി.സി.കളുടെ പ്രവർത്തനങ്ങൾ നമ്മൾ ആഗ്രഹിച്ചതുപോലെയോ, അത് രൂപീകരിക്കുന്ന ഘട്ടത്തിൽ സർക്കാർ അന്ന് പ്രതീക്ഷിച്ച തോതിലോ വളരെ വേഗതയിൽ ഉയർന്നുപോയെന്ന് പറയാൻ സാധിക്കുകയില്ല. കാരണം ഡി.റ്റി.പി.സി.കളുടെ ഘടനയെല്ലാം ആ രൂപത്തിലായിരുന്നു. അതിലെ സെക്രട്ടറിമാരുടെ ശമ്പളംതന്നെ വളരെ നിസ്സാരമായിരുന്നു. ആ ശമ്പളത്തിനൊന്നും സാമാന്യം നല്ല കഴിവുള്ള ആളുകളാരുംതന്നെ സെക്രട്ടറിഷിപ്പിലേയ്ക്ക് വരാൻ തയ്യാറാകുമായിരുന്നില്ല. ആ ശമ്പളത്തിന് ഒരു വിഷനുള്ള ആളുകളെ കിട്ടാൻ പ്രയാസമായിരുന്നു.

ഈ സർക്കാർ വന്നതിനുശേഷം കഴിഞ്ഞ 29 വർഷക്കാലത്തെ

ഡി.റ്റി.പി.സി.യുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വളരെ വിശദമായ ഒരു പരിശോധന നടത്തി. ഡി.റ്റി.പി.സി.കളുടെ പ്രവർത്തനങ്ങളുടെ കേന്ദ്ര ബിന്ദുവായി പ്രവർത്തിക്കേണ്ടത് ഡി.റ്റി.പി.സി. സെക്രട്ടറിമാർ തന്നെയാണെന്നാണ് അപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. അങ്ങനെയുള്ള ഡി.റ്റി.പി.സി.യുടെ സെക്രട്ടറിമാർ, ചിലയാളുകൾ, ചില ലാവണങ്ങൾ തേടി മാത്രം വരുന്നവരുണ്ട്. എവിടെയെങ്കിലും ഒരു ജോലിയുണ്ട്. ഇവിടെ തിരുവനന്തപുരത്ത് വന്ന് അല്ലെങ്കിൽ മറ്റൊരിടത്തുവന്ന് ഡെപ്യൂട്ടേഷനൊക്കെ സംഘടിപ്പിച്ച് അവിടെ ഇരുന്ന് അവരുടെ കാലാവധി തീരംവരെ നടത്തിക്കൊണ്ട് പോവുക എന്നല്ലാതെ, ടൂറിസത്തെ സംബന്ധിക്കുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ ശേഷിയും അറിവും അതിനുള്ള ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളുമുള്ള പരിചയ സമ്പന്നരായ ആളുകളായിരുന്നില്ല പലപ്പോഴും ഉണ്ടായിരുന്നത്. ഈ സർക്കാർ വന്നതിനുശേഷം, ശേഷിയുള്ള ആളുകൾക്ക് സാമാന്യം മെച്ചപ്പെട്ട ശമ്പളം കൊടുത്ത് ആപ്ലിക്കേഷൻ കാൾ ഫോർ ചെയ്ത് ശരിയായ ടെസ്റ്റ് നടത്തി അതിലൊക്കെ വിജയിച്ചുവരുന്ന ഏറ്റവും സമർത്ഥരായിട്ടുള്ള ആളുകളെ കേരളത്തിലെ 14 ഡി.റ്റി.പി.സി. സെക്രട്ടറിമാരായി നിയമിച്ചുകൊണ്ട്

അവയുടെ പ്രവർത്തനങ്ങളെ വളരെ ശക്തിയായി മുന്നോട്ടു കൊണ്ടുപോകുക എന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പുതിയ സെക്രട്ടറിമാരെ നിയമിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതാണ്ട് അവസാന ഘട്ടത്തിൽ നിൽക്കുകയാണ്. ഒരുപാട് നല്ല കഴിവുള്ള ആളുകളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള ശ്രമമാണ് നടക്കുന്നത്. ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ ബില്ലിൽ പറഞ്ഞതുപോലെ ഡി.റ്റി.പി.സി.യുടെ പ്രവർത്തനങ്ങൾ ശൈശവ ദശയിലാണെന്ന് പറയാൻ പറ്റില്ലെങ്കിലും അതിന്റെ പ്രവർത്തനങ്ങളിൽ ഇന്നുള്ള പോരായ്മകൾ പരിഹരിച്ച് നമുക്ക് ശക്തിപ്പെടുത്താൻ സാധിക്കും. അതിനെ ഏകോപിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള ഒരു അപ്പെക്സ് ബോഡിയുടെ ആവശ്യമില്ല. കാരണം ഡി.റ്റി.പി.സി.യുടെ പ്രവർത്തനങ്ങളെ പരിശോധിക്കുന്നതിന് ഇപ്പോൾ ഡിപ്പാർട്ടുമെന്റുണ്ട്. ടൂറിസം ഡിപ്പാർട്ടുമെന്റും ഗവൺമെന്റ് സെക്രട്ടറിയുമൊക്കെയായി ഫലപ്രദമായ സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ഈ ബില്ലിൽ പറയുന്ന ചില കാര്യങ്ങളിൽ വാസ്തവമുണ്ട്. ജീവനക്കാരുടെ ശമ്പളം പ്രവർത്തനങ്ങളുടെ ഏകോപനം ഇവയെല്ലാംതന്നെ ബില്ലിൽ പറയുന്നുണ്ട്. അതെല്ലാംതന്നെ വളരെ ഫലപ്രദമായി ഏകോപിപ്പിച്ച് ശമ്പള

വർദ്ധനവെല്ലാം കൊടുത്ത്, ജീവിക്കാൻ പറ്റുന്നതായ ശമ്പളമെല്ലാം കൊടുത്ത്... ഡി.റ്റി.പി.സി.യിലെ ജീവനക്കാർക്ക് നിസ്സാര ശമ്പളമാണ്. അവർക്കതുകൊണ്ട് ജീവിക്കാനൊന്നും സാധിക്കില്ല. അതെല്ലാം ബഹുമാനപ്പെട്ട അംഗം പറയുന്നത് വാസ്തവമാണ്. അതെല്ലാം പരിഹരിക്കരിക്കുന്നതിനുവേണ്ടിയുള്ള വളരെ ക്രിയാത്മകമായിട്ടുള്ള ഒരു പരിപാടിക്ക് സർക്കാർ രൂപം കൊടുക്കുന്നുണ്ട്. ഡി.റ്റി.പി.സി.കളെ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ ശ്രമിക്കും. അവർക്ക് ന്യായമായ ശമ്പളം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ഒരു അപ്പെക്സ് ബോഡി എന്നത് അനാവശ്യമായ ഒരു സംവിധാനമായിരിക്കും. നമുക്ക് ഇപ്പോൾ ഡിപ്പാർട്ടുമെന്റുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഡി.റ്റി.പി.സി.കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തെ തദ്ദേശീയമായ ടൂറിസത്തെ വികസിപ്പിക്കുക എന്ന ലക്ഷ്യം തന്നെയാണ് അദ്ദേഹത്തിനുള്ളത്. അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്നാലും നമുക്ക് ഒരു അപ്പെക്സ് ബോഡി രൂപീകരിക്കേണ്ട കാര്യമില്ല. നിലവിലുള്ള സംവിധാനത്തെ ശക്തിപ്പെടുത്തി കാര്യങ്ങൾ ഭംഗിയായി നടത്താൻ കഴിയും.

അതുകൊണ്ടാണ് വളരെ പ്രയാസപ്പെട്ട് എല്ലാ കാര്യങ്ങളും പരിശോധിച്ച് പഠിച്ച് അദ്ദേഹം തയ്യാറാക്കിയിട്ടുള്ള ഈ ബില്ലിനെ നിരാകരിക്കുക എന്ന നിലപാട് സർക്കാരിന് സ്വീകരിക്കേണ്ടി വരുന്നത്.

ശ്രീ. ബി. സത്യൻ: സർ, ഡി.റ്റി.പി.സി.കളുടെ ഉത്ഭവവും അതിനുശേഷമുള്ള അതിന്റെ പ്രവർത്തനവും ചുരുങ്ങിയ സമയത്തിനുള്ളിൽ വളരെ നന്നായി പഠിച്ച ബഹുമാന്യനായ മിനിസ്റ്ററെ ഞാൻ അഭിനന്ദിക്കുകയാണ്. തൊഴിൽ നിഷേധിക്കപ്പെടുന്ന തൊഴിൽ നിയമങ്ങളാണ് ഉള്ളതെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്, 28 വർഷം കഴിഞ്ഞിരിക്കുകയാണ്. അങ്ങ് പറഞ്ഞതൊന്നും ഞാൻ മാറ്റിപ്പറയുന്നില്ല. ഈ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ അങ്ങ് പറഞ്ഞതുപോലെ തന്നെ സന്നദ്ധനായിട്ടുള്ള ഒരു സെക്രട്ടറി, കാര്യപ്രാപ്തിയുള്ള ഡി.റ്റി.പി.സി.യുടെ സെക്രട്ടറിയുണ്ട്, കാര്യദർശിയായി നിൽക്കേണ്ട ചെയർമാൻ കളക്ടർ ആണ്. ഓരോ ഗവൺമെന്റ് വരുമ്പോഴും അങ്ങ് പറഞ്ഞതുപോലെ സെക്രട്ടറിമാർ വരികയും, ഡി.റ്റി.പി.സി.യുടെ നിയന്ത്രണം സെക്രട്ടറിമാരിൽ എത്തുകയും കളക്ടർമാർക്ക് തിരക്കുപിടിച്ച ഒരുപാട് ജോലികളുടെ ഭാരിച്ച ഉത്തരവാദിത്വം കാരണം ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതിരിക്കുകയും

ചെയ്യുന്നു. എല്ലാ ജില്ലകളിലും വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു വരുന്ന വിജിലൻസ് കേസ്സുകളുണ്ട്. ടൂറിസം രംഗത്ത് അനന്തമായ സാദ്ധ്യതകളുള്ള ദൈവത്തിന്റെ സ്വന്തം നാടാണ് നമ്മുടേത്. അതിവിദൂര ഭാവിയിൽ വലിയ വികസന സാധ്യതയും തൊഴിൽ സാധ്യതയുമുള്ള ഒരു മേഖലയാണ് ടൂറിസം. അത് ഏകോപിപ്പിക്കുന്നതിന് ജില്ലകളിൽ 1988-ൽ ശ്രീ. വി.എസ്. അച്ചുതാനന്ദൻ രൂപപ്പെടുത്തിയെടുത്തതാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ. ആ കൗൺസിലുകളുടേയും അവിടെ നിയമിതരായിട്ടുള്ള ജീവനക്കാരുടെയും പ്രശ്നങ്ങൾ നമുക്ക് ഒരിടത്തും അഡ്രസ്സ് ചെയ്യാൻ കഴിയുന്നില്ല. ബ്രിട്ടീഷുകാരുടെ കാലത്ത്, 1924 കാലഘട്ടം മുതൽ ആരംഭിച്ച ട്രേഡ് യൂണിയൻ നിയമങ്ങൾ, അതിനുശേഷം ട്രേഡ് യൂണിയൻ ഡിസ്പ്യൂട്ട് ആക്ട്, ബോണസ് ആക്ട്, പേയ്മെന്റ് ഓഫ് വേജസ്സ് ആക്ട്, മിനിമം വേജസ്സ് ആക്ട് എല്ലാമുണ്ട്. ഇപ്പോൾ അവസാനം കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സംരക്ഷണം നൽകേണ്ട നിയമം ഉൾപ്പെടെയുണ്ട്. വഴിയോരങ്ങളിൽ കച്ചവടം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

അനുമതി കൊടുക്കുന്നുണ്ട്. ഉപജീവനം, തൊഴിൽ ചെയ്യാനുള്ള അവകാശം എന്നിവ മൗലികമായ അവകാശമായി അംഗീകരിക്കപ്പെട്ട നാടാണ് നമ്മുടേത്. അപ്പോൾ ഇവിടെ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് ന്യായമായിട്ടുള്ള സേവനവേതന വ്യവസ്ഥകൾ നൽകേണ്ട സ്ഥാപനം കാഴ്ചക്കാരെപ്പോലെ നിൽക്കുന്ന അവസ്ഥയാണ് പലപ്പോഴും ജില്ലകളിൽ കാണുന്നത്. സംസ്ഥാനത്ത് ഗവൺമെന്റിന് താൽപ്പര്യമുണ്ട്, ടൂറിസം വകുപ്പിന് താൽപ്പര്യമുണ്ട്, പ്രിയപ്പെട്ട മന്ത്രി അക്കാര്യത്തിൽ വലിയ ഇടപെടൽ നടത്തുന്നുണ്ട്. ഇതെല്ലാം ചെയ്യുന്നുണ്ട്. ഇതിന്റെ ചെയർമാൻ കളക്ടറാണ്, ഒരു സെക്രട്ടറിയാണ് നിയന്ത്രിക്കുന്നത്. ജനപ്രതിനിധികളും മറ്റുദ്യോഗസ്ഥൻമാരും, എക്സ്പേർട്ടുകളും മറ്റും അടങ്ങിയിട്ടുള്ള ഒരു സമിതിയുണ്ട്. ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് അവർക്കൊക്കെ പരിമിതികളുണ്ട്. അതിനാണ് കൗൺസിലുകൾ ഏകോപിപ്പിക്കണമെന്ന് ഞാൻ ഉദ്ദേശിച്ചത്. ഏകോപിപ്പിക്കാതെ തന്നെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുമെന്ന് അങ്ങ് സൂചിപ്പിച്ചതിൽ വളരെ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കും ആ വകുപ്പിനും അതിനുള്ള ആർജ്ജവമുണ്ട് എന്നതിൽ ഞാൻ അങ്ങയെ വീണ്ടും

അഭിനന്ദിക്കുകയാണ്. ഇത് ചർച്ച ചെയ്യേണ്ടതാണ്. എല്ലാ ജില്ലകളിലും ഇതുപോലെയുള്ള ടൂറിസം പദ്ധതികളുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവരുടെയെല്ലാം അഭിപ്രായങ്ങൾ കേൾക്കേണ്ടതായിട്ടുണ്ട്. തീർച്ചയായിട്ടും തുടർ ചർച്ചയ്ക്കുള്ള അവസരം നൽകണം. നിയമനിർമ്മാണ സഭയാണ് നമ്മുടേത്. അതിന്റെ ക്രിയാത്മകമായ വശങ്ങൾ ഗവൺമെന്റിന്റെ , ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ, തീർച്ചയായിട്ടും അതിന് ഒരു ക്രിയാത്മകമായ നിർദ്ദേശം തരികയും, അതിലിടപെടുകയും ചെയ്യും എന്ന് ഇവിടെ പറഞ്ഞതിലുള്ള സന്തോഷം അറിയിക്കുന്നു. ഈ മേഖലയെ ഏറ്റവും മികവുള്ള ഒരു ടൂറിസം മേഖലയാക്കി വളർത്തി വലുതാക്കിക്കൊണ്ടുവരാൻ പരിശ്രമിക്കണം. അതുകൊണ്ട് തുടർ ചർച്ച നടത്താനുള്ള അവസരം നൽകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച തുടരും)

(v) 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര- ദൃശ്യ മാധ്യമരംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. കെ. രാജൻ: സർ, 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര- ദൃശ്യ മാധ്യമരംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി.കെ.സി. മമ്മത് കോയ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ):സർ, 2008-ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമപ്രകാരം, തൊഴിൽ വകുപ്പിലെ ഉത്തരവും സർക്കാർ ഉത്തരവും പ്രകാരം കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരുവാനുള്ള അവകാശം പ്രാദേശിക പത്ര പ്രവർത്തകർക്ക് ഇപ്പോൾ നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും, ഫ്രീലാൻസ്

പത്ര റിപ്പോർട്ടർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വം എടുക്കാവുന്നതാണ്. ഈ ക്ഷേമനിധി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം നല്ല ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചതെങ്കിലും ഇത്തരമൊരു സാഹചര്യം നിലനിൽക്കുന്നതുകൊണ്ട്, പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി രൂപീകരണ ബിൽ ഈ കാരണങ്ങൾ കൊണ്ടുതന്നെ പ്രസക്തിയുള്ളതല്ല, അതുകൊണ്ട് നിരാകരിക്കുകയാണ്.

ശ്രീ. കെ. രാജൻ: സർ, മലയാള മാധ്യമരംഗം 170-ാം വർഷത്തിലേയ്ക്ക് കടക്കുന്ന സമയത്താണ് വളരെ പ്രസക്തമായ ഇങ്ങനെയൊരു ബില്ലിന് സഭ അനുമതി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്. നമ്മുടെ സാമൂഹിക ജീവിതത്തിന്റെ മുന്നോട്ടുള്ള വളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ളത് പത്രപ്രവർത്തകരും അതോടൊപ്പം പ്രാദേശിക

പത്രപ്രവർത്തകരും കൂടിയാണ്. ഈ വിഭാഗത്തെ അൺഓർഗനൈസ്ഡ് സ്കിൽഡ് വർക്കേഴ്സ് സ്കീമിൽപ്പെടുത്തേണ്ടതല്ല. കാരണം നമ്മുടെ നാട്ടിൽ വാർത്തകളുടെ വിളക്കുമരങ്ങളായി നിൽക്കുന്നത് പ്രാദേശിക പത്രപ്രവർത്തന രംഗത്തുള്ളവരാണ്. ഏതാണ്ട് 30000-ത്തോളം വരുമെന്നാണ് കണക്ക്. ഇതിൽ റിപ്പോർട്ടർമാരും, സ്റ്റിൽ-വീഡിയോ ഫോട്ടോഗ്രാഫർമാരും, ഡി.ടി.പി. ഓപ്പറേറ്റർമാരും ഉൾപ്പെടെയുള്ള ഒരു വലിയ വിഭാഗം വരും. യഥാർത്ഥത്തിൽ അങ്ങ് മനസ്സിലാക്കേണ്ടത്, കേരളത്തിലെ ഗവൺമെന്റ്തന്നെ മൂന്ന് ഘട്ടത്തിലായി ഈ വിഷയം പരിഗണിച്ചിട്ടുണ്ട് എന്നതാണ്. 2012-13 ലെ ബഡ്ജറ്റിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി, പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി പ്രഖ്യാപിക്കുകയും അതിനുവേണ്ടി ഒരു കോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തു, ഒന്നും നടന്നില്ല. തുടർന്ന് ശ്രീ. കെ.വി. അബ്ദുൾഖാദർ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് മറുപടിയായി സർക്കാർ ഇക്കാര്യം ഉറപ്പുനൽകിയതാണ്. അതിനുശേഷം 2016-17 ബഡ്ജറ്റിന്റെ വോട്ട് ഓൺ അക്കൗണ്ടുമായി ബന്ധപ്പെട്ടുകൊണ്ട് നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട അംഗം ശ്രീമതി സി.കെ.

ആശ ഈ വിഷയം ഉന്നയിച്ച ഘട്ടത്തിൽ 2 കോടി രൂപ അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് പ്രഖ്യാപിക്കുകയും ചെയ്തു. കേരള ജേർണലിസ്റ്റ് യൂണിയന്റെ ജനറൽ സെക്രട്ടറിയായ യു. വിക്രമൻ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻതന്നെ ക്ഷേമനിധി നടപ്പിലാക്കണമെന്ന് ഉത്തരവ് കൊടുക്കുകയും ചെയ്തു. പ്രാദേശിക പത്രപ്രവർത്തകർക്ക് നമ്മുടെ സാമൂഹ്യജീവിതത്തിൽ വലിയ പങ്കുണ്ട്. എല്ലാ ദിവസവും വൈകുന്നേരം ചാനലുകളിൽ സീരിയൽ കാണുന്ന അതേ അർത്ഥത്തിൽത്തന്നെ പ്രാദേശിക ചാനലുകളിലെ അവരവരുടെ നാട്ടിലെ വാർത്തകൾ കാണുന്ന ഒരു വലിയ സമൂഹം ഉണ്ട്. എന്റെ മണ്ഡലത്തിൽ ശ്രീ. ജോഫി നേതൃത്വം നൽകുന്ന മൂൺലൈറ്റ് എന്ന ഒറ്റപത്രം, പാണഞ്ചേരി പഞ്ചായത്തിലെ എല്ലാ വീടുകളിലും സാധാരണപത്രത്തിനോടൊപ്പം എല്ലാ ശനിയാഴ്ചയും ഒരു പത്രം എത്തിക്കുക എന്ന ചുമതല നിർവ്വഹിക്കുന്നുണ്ട്, ഒരുപാട് വായനക്കാർ അതിനുണ്ട്. പ്രാദേശികമായി പത്രചാനലുകൾ വായിക്കുന്ന ആളുകളുടെ എണ്ണം വളരെ വിപുലമാണ്. രണ്ട് തരത്തിലുള്ള പ്രാദേശിക പത്രപ്രവർത്തകർ

ഉണ്ട്. ഒന്ന് പ്രാദേശിക പത്രങ്ങളുടേയും ചാനലുകളുടേയും ഭാഗമായി നിൽക്കുന്നവർ, മറ്റൊന്ന് ദേശീയ അല്ലെങ്കിൽ സാറ്റലൈറ്റ് ചാനലുകളുടേയും, മുഖ്യധാരാപത്രങ്ങളുടെയും ഭാഗമായി പ്രാദേശികമായി പ്രവർത്തിക്കേണ്ടി വരുന്നവർ. ഈ രണ്ടുപേരും വളരെ നിർണ്ണായകമായ ചുമതലയാണ് നിർവ്വഹിക്കുന്നത്. ഏതു നേരത്ത് അവരോട് ആവശ്യപ്പെട്ടാലും, ഏത് പാതിരാത്രിയിലും, ഡോക്ടർമാരെപ്പോലെ ഉറക്കമിളച്ചിരുന്ന് ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ വേതനം പോലും ലഭിക്കുന്നില്ല എന്നതാണ് പ്രശ്നം. ഈ വിഷയം വളരെ ഗൗരവമായതിനാൽ തുടർ ചർച്ച ആവശ്യമാണ്. ആയിരം രൂപ മാത്രം അലവൻസ് കിട്ടുന്നവർ മുതൽ ഒരു വലിയ സംഘം ആളുകൾ ഇതിനോടൊപ്പം ഉണ്ട്. തുടർ ചർച്ചയ്ക്കായി അവസരം തരണ മെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. രാജൻ അവതരിപ്പിച്ച 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള

ക്ഷേമനിധി ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

തുടർ ചർച്ചക്കായി കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന മൂന്ന് ബില്ലുകൾ സംബന്ധിച്ച പ്രമേയങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഹാജരായിട്ടില്ല. ഈ മൂന്ന് പ്രമേയങ്ങളും സഭ നിരാകരിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

(2017 മെയ് മാസം 15-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

****